DESPATCHED
On. 24/5/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 161(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: **2706/SIC-G4/2022**)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 18**

ശ്രീ. പി.എ.എം. ഷെരീഫ്,
റിപ്പോർട്ടർ,
സുപ്രഭാതം ദിനപത്രം,
ഈരാറ്റുപേട്ട, കോട്ടയം – 686 121. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ആർ.സി.)വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ആർ.സി.)വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 10/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/03/2022 |

## ഉത്തരവ്

ശ്രീ. പി.എ.എം. ഷെരീഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഫോൺ നമ്പർ പോലും രേഖപ്പെടുത്താതെ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപ്പീലിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ട ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളുടെ ബോർഡുകളിൽ സ്ഥലനാമത്തോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് കൂടി ഇംഗ്ലീഷിലും, മലയാളത്തിലും ചേർത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എടുത്ത നടപടികൾ രേഖാമൂലം സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 22.11.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിവിധ വ്യാപാര സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും രൂക്ഷമായ സാമ്പത്തിക ബുദ്ധിമുട്ടിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളുടെ ബോർഡുകളിൽ സ്ഥലനാമത്തോടൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരുകൂടി രേഖപ്പെടുത്തണമെന്ന് നിർബന്ധിക്കുന്നത് അനാവശ്യ ചെലവുകൾ വിളിച്ചു വരുത്തുന്നതാകയാൽ ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമാണെന്നും ഇതിനായി ആവശ്യമെങ്കിൽ നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 10.12.2021 തീയതി സമർപ്പിച്ച അപ്പീൽ രണ്ടാം എതിർകക്ഷി സമയബന്ധിതമായി തീർപ്പാക്കിയതായി കാണുന്നില്ല.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 10.3.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.പി.എ.എം.ഷെരീഫ് വിവരാവകാശ നിയമപ്രകാരം 01.11.2021-ന് തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിൽ സമർപ്പിച്ച അപേക്ഷയിന്മേൽ 22.11.2021 തീയതി പൊതു അധികാരി മറുപടി നൽകിയിട്ടുണ്ടെന്നും 21.2.2022-ന് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിന്നുമുള്ള കത്ത് അപ്പീൽ അധികാരിയ്ക്ക് ലഭിച്ചപ്പോൾ മാത്രമാണ് ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയുന്നതെന്നും തുടർന്ന് ടിയാന്റെ അപ്പീൽ അപേക്ഷയെപ്പറ്റി തദ്ദേശസ്വയംഭരണ ഓഫീസ് സെക്ഷനിൽ അന്വേഷണം നടത്തിയതിൽ, പ്രസ്തുത അപേക്ഷ തദ്ദേശസ്വയംഭരണ (ആർ.സി) സെക്ഷന് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്ഷനിൽ പരിശോധന നടത്തിയെങ്കിലും അപേക്ഷയുടെ അസ്സൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ സെക്രട്ടേറിയറ്റിലെ ഫയൽ സംവിധാനം കൈകാര്യം ചെയ്തു വരുന്ന ഇ-ഫയൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയതുമൂലം പഴയതും പുതിയതുമായുള്ള ഇ-തപാലുകൾ കൂട്ടികലർന്നു കിടന്ന സാഹചര്യത്തിൽ ഇ-ഫയൽ മുഖാന്തിരം ലഭിച്ച ടിയാന്റെ അപ്പീൽ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും കമ്മീഷനിൽ നിന്നും നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ഫയൽ തപാലുകൾ മൊത്തത്തിൽ പരിശോധന നടത്തിയാണ് ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ

RIGHT TO INFORMATION

കണ്ടെത്തിയതെന്നും ആയത് കണ്ടെത്തിയ ഉടൻ തന്നെ ടി അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് വകുപ്പിൽ ലഭ്യമായ വിവരങ്ങൾ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 4.3.2022-ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 10.12.2021-ന് രജിസ്റ്റേർഡ് തപാലിൽ നൽകിയ ഒന്നാം അപ്പീൽ 04.3.2022-നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത് എന്ന് കാണുന്നു. അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതിൽ രണ്ടാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടി അപ്പീൽ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും, കമ്മീഷനിൽ നിന്നും നോട്ടീസ് ലഭിച്ചതിനെ തുടർന്നുള്ള പരിശോധനയ്ക്ക് ശേഷമാണ് ആയത് കണ്ടെത്തിയതെന്നും, ഫിസിക്കൽ തപാൽ സീറ്റിൽ ലഭിക്കാതെ പോയെന്നും ഇ-ഫയൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയതുമൂലം തപാലുകൾ കൂടി കലർന്നു കിടന്ന സാഹചര്യം ഉണ്ടായി എന്നുമാണ്. വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. എന്നതിനാൽ രണ്ടാം എതിർകക്ഷിയുടെ ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതെ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തി വേണം വിവരാവകാശ അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടതെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. കമ്മീഷനിൽ അപ്പീൽ നൽകിയതിനെ തുടർന്ന്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷികൾ ലഭ്യമാക്കിയിട്ടുള്ളതിനാൽ ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ പിൻവലിക്കുകയാണെന്ന് ഹിയറിംഗുമായി ബന്ധപ്പെട്ട് ഹർജിക്കാരനെ കമ്മീഷൻ ഓഫീസിൽ നിന്നും ഫോണിൽ ബന്ധപ്പെട്ടപ്പോഴും, രേഖാമൂലവും, കമ്മീഷനെ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റ് തുടർനടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 18 തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി